## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1771** 06.07.2015 ന് മറുപടിയ്ക്ക്

## നീര ഉല്പാദിപ്പിക്കുന്നതിനുള്ള അനുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| എ) കേര കർഷക കൂട്ടായ്മകൾക്ക് നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനേയും അബ്കാരി നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനേയും കുറിച്ച് പഠിക്കാൻ 2013 ജനുവരി 15-ന് നിയമിച്ച സമിതി 2013 മെയ് 18-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ കള്ളുവ്യവസായ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീര ഉല്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും എക്സൈസ് കമ്മീഷണർ ചെയർമാനായി 10 അംഗ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി 2013 മെയ് മാസത്തിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നീര കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ താഴെ ചേർക്കുന്നു.<br>1. നീരയുടെ ഉത്പ്പാദനത്തിനായി നിലവിലുള്ള നീരറൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി, നാളീകേര ഉത്പാദക സൊസൈറ്റികളെയും, അവയുടെ ഫെഡറേഷനുകളെയും, പ്രൊഡ്യൂസർ കമ്പനികളെയും നീരയുടെ ഉത്പാദനത്തിനും വിപണനത്തിനും ചുമതലപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>2. കള്ള് ചെത്തുമേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി, നീരയുടെ ഉത്പ്പാദനത്തിൽ, നിലവിലുള്ള കള്ള്ചെത്ത് തൊഴിലാളികളെ ഉപയോഗിക്കേണ്ടതും തുടർന്ന് ആവശ്യം വേണ്ട സ്ഥലങ്ങളിൽ പുതിയ തൊഴിലാളികളെ പരിശീലിപ്പിച്ച് ഈ രംഗത്തേയ്ക്ക് കൊണ്ടുവരേണ്ടതുമാണ്.<br>3. കള്ള് ചെത്ത് വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിനും നീരയുടെ ഉത്പാദനത്തിനും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ |

ഉത്പാദനത്തിനുമായി കള്ള്-നീര വികസന ബോർഡ് സംസ്ഥാന തലത്തിൽ രൂപീകരിക്കുവാനും, ശുപാർശ ചെയ്തിട്ടുണ്ട്.

4. വർഷത്തിലൊരിക്കൽ കള്ളുഷാപ്പുകളുടെ വില്പന സമ്പ്രദായം മാറ്റി അത് മൂന്നു വർഷത്തിലൊരിക്കലാക്കുക.
5. വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങളിൽ കള്ളുഷാപ്പുകൾ നടത്തുക.
6. ടൂറിസ്റ്റ്കേന്ദ്രങ്ങളിൽ ‌റ്റോഡി പാർലറുകൾ ആരംഭിയ്ക്കുക.
7. ചെത്ത് തൊഴിലാളികൾക്ക് ആവശ്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കുക, കാർഷിക സർവ്വകലാശാലയുടെയും നാളീകേര വികസന ബോർഡിന്റെയും സഹകരണത്തോടെ തെങ്ങ് ചെത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം ഏർപ്പെടുത്തുക.

(ബി) ഇതനുസരിച്ച് 2013 സെപ്തംബർ 23-ന് GO(MS)No.160/13 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നീരയുടെയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിനും വിതരണത്തിനും ചുവടെ പറയുന്ന വ്യവസ്ഥകളനുസരിച്ച് സർക്കാർ ടി ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി.

1. നീരയുടെ ഉൽപ്പാദനം വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തും.
2. കള്ള്ഷാപ്പുകൾ വിൽപ്പന നടത്താത്തതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും, നീര ഉല്പാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ നാളീകേര വികസന ബോർഡിന്റെ കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി/സൊസൈറ്റി, ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകി.
3. കള്ള് ചെത്ത് മേഖലയിൽ ഉള്ളവർക്ക് നീര ചെത്തുന്നതിന് മുൻഗണന നൽകി. ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ട്രെയിനിംഗ് നൽകി നീര

| | | | |
|---|---|---|---|
| | | | ടെക്നീഷ്യൻസിനെ നിയോഗിക്കും. ഇവരേയും കള്ള്ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.<br>4. കള്ള്ഷാപ്പുകളിലേയ്ക്കായി നീര ചെത്തുവാൻ പാടില്ല.<br>5. റ്റോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. |
| (സി) | 2014 ഫെബ്രുവരി 14-ന് GO(P)No.27/14 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് , കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രോഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പേറഷൻ, കോക്കനട്ട് ഡെവലപ്പമെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സർക്കാർ അനുമതി നൽകിക്കൊണ്ട് 14.2.2014 ലെ ജി.ഒ(പി) നം.27/2014/TD ആയി നീര റൂൾസ്-2014 നിലവിൽ വരുകയുണ്ടായി. |
| (ഡി) | ഉത്തരവുകളിലെ അപാകതകൾ മൂലം നീര ഉല്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നീര ഉൽപ്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നാളിതുവരെ 173 നാളീകേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായി. തുടർന്ന് അവയിൽ 162 എണ്ണം 2015-16 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാകുന്നു. |

**സെക്ഷൻ ഓഫീസർ**